# കേരള സർവകലാശാല

നം.പി.ആർ.142/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് 25.06.2018-ന് പ്രസിദ്ധീകരിച്ചു. 26.06.2018 മുതൽ കോളേജുകളിൽ പ്രവേശനം നേടാം

കേരള സർവകലാശാലയുടെ 2018-19 വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ 25.06.2018 -ൽ പ്രസിദ്ധപ്പെടുത്തി. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നും, രണ്ടും ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭി ക്കാത്തവരും എന്നാൽ മൂന്നാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ ഓൺലൈനായോ അല്ലാത്ത പക്ഷം വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അഡ്മിഷൻ ഫീസ് അടയ്ക്കാനുളള ചെലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജന റൽ വിഭാഗത്തിന് 1525 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840 രൂപയുമാണ്. ചെലാൻ മുഖേന ഫീസ് അടയ്ക്കുന്നവർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) യഥാസമയം **http://admissions.keralauniversity.ac.in**-ൽ നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച കോളേജിൽ എത്തി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മി ഷൻ എടുക്കേണ്ടതുമാണ്. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) യഥാസമയം ചേർക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. ഇങ്ങനെയുള്ളവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ഒന്ന്,രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ (അഡ്മിഷൻ ഫീസ് അടച്ച് ആ വിവരം യഥാസമയം വെബ്സൈറ്റിൽ ചേർത്തവർ മാത്രം) മൂന്നാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകളിൽ ഏതെ ങ്കിലും ലഭിച്ചാൽ അഡ്മിഷൻ ഫീസ് വീണ്ടും അടയ്ക്കേണ്ട

തില്ല.  ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് സീറ്റ് ലഭിച്ച അപേക്ഷകർക്ക് ജൂൺ 25-ാം തീയതി മുതൽ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാം.

ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റുകൾ വഴി അലോട്ട്മെന്റ് ലഭിച്ചവർക്ക് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ കോളേജിൽ പ്രവേശനം നേടാം.

അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ  അലോട്ട്മെന്റ് മെമ്മോയിൽ നിന്ന് ലഭിക്കും. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം(കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കണം. ഇപ്രകാരം നിശ്ചിത  സമയത്തിനുള്ളിൽ അഡ്മിഷൻ എടുക്കാത്തവരെ യാതൊരു കാരണവശാലും തുടർന്നുള്ള  അലോട്ട്മെന്റുകളിൽ  പരിഗണിക്കുന്നതല്ല. ഇങ്ങനെയുള്ളവരുടെ സീറ്റുകൾ റദ്ദാകുന്നതും ആ സീറ്റുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതുമാണ്.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കണം.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരാണെങ്കിൽ  അഡ്മിഷൻ എടുത്ത ശേഷം ആവശ്യമെങ്കിൽ  അവരുടെ ഹയർ ഓപ്ഷനുകൾ ജൂലൈ നാല്  വൈകുന്നേരം അഞ്ച് മണിയ്ക്കുള്ളിൽ നീക്കം ചെയ്യണം. നില നിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്ന് വരുന്ന അലോട്ട്മെന്റിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

മതിയായ കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന സമയത്തും തീയതിയിലും ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് 30.06.2018-ന് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടാവുന്നതാണ്.

ഒന്നാം വർഷ ബിരുദ ക്ലാസുകൾ 02.07.2018-ന് ആരംഭിക്കും.

<u>പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)</u>

## <u>ആറാം സെമസ്റ്റർ ബി.എ മലയാളം &മാസ് കമ്മ്യൂണിക്കേഷൻ പരീക്ഷാഫലം</u>

ഏപ്രിൽ 2018 ൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.  വിശദമായ ഫലം വെബ്സൈറ്റിൽ

## ആറാം സെമസ്റ്റർ ബി.വോക് പരീക്ഷാഫലം

2018 ഏപ്രിൽ മാസത്തിൽ നടത്തിയ ആറാം സെമസ്റ്റർ ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് (2015 അഡ്മിഷൻ റെഗുലർ, 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെയും ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (2015 അഡ്മിഷൻ റെഗുലർ, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ജൂലൈ 23 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## ബി.എഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധന

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ തിരിച്ചറിയൽ രേഖയും ഹാൾ ടിക്കറ്റുമായി ജൂൺ 26 മുതൽ ജൂലൈ 3 വരെയുളള പ്രവൃത്തി ദിവസങ്ങളിൽ സർവകലാശാല മന്ദിരത്തിലെ പുനഃപരിശോധനാ വിഭാഗത്തിൽ (ഇ.ജെ1 സെക്ഷൻ) ഹാജരാകേണ്ടതാണ്.

## അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്സ്.എസ്സ് ബി.ബി.എ പരീക്ഷാഫലം

2017 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്സ്.എസ്സ്. ബി.ബി.എ പരീക്ഷയുടെ (2013/2014 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ റഗുലർ) ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കാനുളള അവസാന തീയതി ജൂലൈ 18 വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ബി.എഡ് പരീക്ഷാകേന്ദ്രങ്ങൾ

ജൂൺ 29 മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷകൾക്ക് (2013 സ്കീം സപ്ലിമെന്ററി & 2004 സ്കീം മേഴ്സി ചാൻസ്) താഴെ പറയുന്ന പരീക്ഷാകേന്ദ്രങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുളളൂ.

> തിരുവനന്തപുരം ജില്ലയിലെ കോളേജുകൾ പരീക്ഷാ കേന്ദ്രങ്ങളായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ – ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തൈക്കാട്, തിരുവനന്തപുരം. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കോളേജുകൾ പരീക്ഷാകേന്ദ്രങ്ങളായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ – കേരള സർവകലാശാല ബി.എഡ് സെന്റർ, തേവളളി, കൊല്ലം. ആലപ്പുഴ ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രങ്ങളായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ – യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ആലപ്പുഴ എന്നിവിടങ്ങളിൽ നിന്നും ഹാൾ ടിക്കറ്റ് കൈപ്പറ്റി അവിടെ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

## ആറാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്സ്.എസ്സ് പരീക്ഷാ ഫലം

കരിയർ റിലേറ്റഡ് സി.ബി.സി.എസ്സ്.എസ്സ് 2018 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബി.എ സ്.സി ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ്, ബി.എസ്.സി ഫിസിക്സ് ആന്റ് കംപ്യൂട്ടർ ആപ്ലിക്കേഷൻ (2015 അഡ്മിഷൻ – റെഗുലർ, 2013 & 2014 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭ്യമാ ണ്.

## കരിയർ റിലേറ്റഡ് ആറാം സെമസ്റ്റർ ബി.എസ്.സി /ബി.ബി.എ പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് ആറാം സെമസ്റ്റർ ബി.എസ്.സി കംപ്യൂട്ടർ സയൻസ്, ബി.എസ്സ്.സി ഇലക്ട്രോണിക്സ്, ബി.ബി.എ പരീക്ഷ കളുടെ (റെഗുലർ, സപ്ലിമെന്ററി)ഫലം പ്രസിദ്ധീകരിച്ചു. . ജൂലൈ 23 വരെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും എന്നിവയുടെ അപേ ക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ


## രണ്ടാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീ ക്ഷ

ജൂലൈയിൽ ആരംഭിക്കുന്ന (ഗവഃകോളേജ് ഫോർ വിമെൻ) രണ്ടാം സെമ സ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂലൈ 9, 50 രൂപ പിഴയോടെ ജൂലൈ 11, 125 രൂപ പിഴയോടെ ജൂലൈ 13 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

## ഒന്നാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷ

2018 ജൂലൈ മാസം 20 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.ഫാം സപ്ലി മെന്ററി പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂലൈ 2 വരെയും 50 രൂപ പിഴയോടുകൂടി ജൂലൈ 4 വരെയും 125 രൂപ പിഴയോടുകൂടി ജൂലൈ 06 വരെയും ഫീസ് അട യ്ക്കാവുന്നതാണ്.


തിരുവനന്തപുരം.



25.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098